# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2353 12.02.2020-ൽ മറുപടിയ്ക്ക്

**ലോട്ടറി മേഖലയുടെ നവീകരണം**

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ പുതുക്കിയ വില, ഏജന്റുമാർക്കുള്ള കമ്മീഷൻ, സമ്മാനഘടന എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 18/12/2019 ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01/03/2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാകുകയുണ്ടായി. നിലവിൽ 30/-രൂപ വിൽപ്പന വില ഉണ്ടായിരുന്ന ആറു പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറി യുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിച്ചു. മുഖവില 31.25 രൂപയും 28% GST യും കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾക്ക് 52%ത്തോളം തുക സമ്മാനമായി നൽകിയിരുന്ന സ്ഥാനത്ത് പുതുക്കിയ സമ്മാനഘടന പ്രകാരം ഏകദേശം 59% ത്തോളം തുക സമ്മാനമായി നൽകിയും സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയുമാണ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിച്ചിരിക്കുന്നത്. ഇപ്രകാരം പരിഷ്കരിക്കുന്ന |

| | | | |
|---|---|---|---|
| | | | സമ്മാനഘടന പ്രകാരം ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി താഴെപറയും പ്രകാരം ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്.<br><br>2000 ടിക്കറ്റുകൾ വരെ - 23.5%<br>2001 മുതൽ 10000<br>ടിക്കറ്റുകൾ വരെ - 24.25%<br>10,000 ത്തിനു മുകളിൽ - 25%<br><br>പരിഷ്ക്കരിച്ച സമ്മാനഘടന പ്രകാരമുള്ള ആദ്യ നറുക്കെടുപ്പ് 01/03/2020-ന് നറുക്കെടുക്കുന്ന പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരും. GST 28% ആയി ഏകീകരിച്ചതു വഴി സംസ്ഥാന സർക്കാരിന് ലഭ്യമാകമായിരുന്ന അറ്റാദായത്തിൽ നിന്നും 7% (പകുതിയോളം) കറവ് വരുത്തിയാണ് സമ്മാനത്തുക വർദ്ധിപ്പിച്ചത്. |
| (ബി) | തൊഴിൽരഹിതർക്കും മറ്റ് അവശ വിഭാഗങ്ങൾക്കും പുതുതായി ലോട്ടറി ഏജൻസി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; | (ബി) | ഭാഗ്യക്കുറി ഏജൻസികൾക്ക് നിയമ പ്രകാരം അപേക്ഷിക്കുന്ന എല്ലാവർക്കും ഏജൻസി അനുവദിക്കുന്നതാണ്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തു ന്നതിന് പുതിയ സോഫ്റ്റ്‌വെയർ വികസിപ്പി ക്കുന്നതിന്റെ ഭാഗമായി പുതിയ ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് താൽക്കാ ലികമായി നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. |
| (സി) | ആലപ്പുഴ ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് എത്ര സബ് ആഫീസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ആലപ്പുഴ ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് കായംകുളം, ചേർത്തല എന്നിവിടങ്ങളിലായി രണ്ട് സബ് ഓഫീസുകളുണ്ട്. |
| (ഡി) | കൂടുതൽ സബ് ആഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ